മിസ്റ്റർ കെ. കൊച്ചുകുട്ടൻ : അവകാശാവധിക്കു പോകുന്ന ആൾ അതുകഴിയുമ്പോൾ ശമ്പളമില്ലാത്ത അവധിക്കു അപ്ലൈ ചെയ്യാറില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ട്.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്ത വേറെ ആരെക്കിലും അവകാശാവധി ഇതുപോലെ ഇതിനുമുമ്പ് ശമ്പളമില്ലാതാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അധകൃതനായതുകൊണ്ട് അയാളെ ജോലിയിൽ നിന്നു പിരിച്ചുവിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്തവർക്കും ഇതുപോലെ അനുഭവപ്പെട്ടിട്ടുണ്ടോ?

റാവുസാഹിബ് പി. വി. റാഫേൽ : പലരേയും പണിയിൽനിന്നു പിരിച്ചുകളഞ്ഞിട്ടുണ്ട്. As the Hon'ble Minister explained in cases of over-stay on leave without the extension of leave being applied for or sanctioned the proper punishment is removal from service. Of course this is not always done. In certain cases it is done and in other cases we commute the period into leave without pay.

മിസ്റ്റർ പി. നാരായണമേനോൻ : ശമ്പളമില്ലാത്ത അവധി അയാൾ അപേക്ഷിച്ചിട്ടുകൊടുത്തതൊ ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹാജരാകുവാൻ നൊട്ടീസ്സു കൊടുത്തിട്ടു ഹാജരാകാത്തതുകൊണ്ടു ശമ്പളമില്ലാത്ത അവധി ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതാണ്.

Mr. P. K. Dewer *(Nominated)*: So this is not a solitary case?

Rao Sahib P. V. Raphael *(Comptroller of Finance and Accounts)*: No. This is not a solitary case.

PALARIVATTAM—SUB-ANCHAL OFFICE

27. ചെയ്ധരി ജി. എസ്സ്. ധാരാസിംഗ് : ബഹുമാനപ്പെട്ട ഗവൺമെണ്ടു് താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവായി മറുപടി പറയുമോ.—

(എ) പാലാരിവട്ടത്തു് ഒരു സബ് അഞ്ചലാപ്പീസ്സ് സ്ഥാപിച്ചു കിട്ടണമെന്നു പറഞ്ഞു വല്ല അപേക്ഷകളോ മറ്റൊ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടു എന്തുചെയ്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) പാലാരിവട്ടം സർക്കാർ ഗ്രാമീണ വായനശാലയുടെ ഒരു പൊതുയോഗത്തിൽ വെച്ചു പാസ്സാക്കിയ ഒരു പ്രമേയം കിട്ടിയിട്ടുണ്ടു്.

(ബി) അന്വേഷണത്തിൽ, പുനരുന്നിയിൽ ഒരു അഞ്ചലാപ്പീസ്സ് സ്ഥാപിച്ചാലാണു് കൂടുതൽ പ്രയോജനമുണ്ടാകുക എന്നു അറിവായതിനാൽ അവിടെ ഒരു ബ്രാഞ്ചു് അഞ്ചലാപ്പീസ്സ് സ്ഥാപിക്കുവാൻ ആലോചിച്ചുവരുന്നുണ്ടു്.

AYURVEDIC DISPENSARY—CHENNAMANGALAM

28. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

ചേന്ദമംഗലത്തു് അടുത്ത കൊല്ലത്തിൽ ആയുർവ്വേദഡിസ്പെൻസറി ആരംഭിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : തീർച്ചയാക്കിട്ടില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ചേന്ദമംഗലത്തു ഒരു ഡിസ്പെൻസറി ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ആവശ്യമാണെന്നാണു് ഗവൺമെണ്ടിന്റെ ധാരണ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : അത്യാവശ്യമാണെന്നു് തോന്നുന്നുണ്ടോ ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : പ്രത്യേകം അത്യാവശ്യമാണെന്നു തോന്നുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly